**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക പുതുക്കി നിശ്ചയിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.224/2026/AYUSH തീയതി,തിരുവനന്തപുരം, 10-04-2026**

---

പരാമർശം:-

1. സ.ഉ(സാധാ)നം.1879/83/ഡി. തീയതി 11/11/1983
2. സ.ഉ.(സാധാ)നം.2106/2014/ആ.കു.വ തീയതി 26/06/2014
3. GO(MS)No.01/2022/PWD തീയതി 10/01/2022
4. ശ്രീമതി റ്റി.സി. ജോളി, തൊടുപുഴ സമർപ്പിച്ച 21/02/2022- ലെ അപേക്ഷ
5. ഇടുക്കി പൊതുമരാമത്ത് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 03/02/2022-ലെ 15/EE/201-22 നമ്പർ റെന്റ് സർട്ടിഫിക്കറ്റ്

6 ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 18/05/2022-ലെ ഡി.എച്ച്.ടി.വി.എം./609/2022-പി2 നമ്പർ കത്ത്

**ഉത്തരവ്**

ഹോമിയോപ്പതി വകുപ്പിന് കീഴിലെ ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസ് തൊടുപുഴ മുനിസിപ്പാലിറ്റിയിൽ ശ്രീമതി റ്റി.സി. ജോളി, തരണിയിൽ, അരിക്കുഴ, തൊടുപുഴ, ഇടുക്കി എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ വാടക പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ട് കെട്ടിട ഉടമസ്ഥ പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് പരാമർശം (5) പ്രകാരം നൽകിയ വാടക സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ

വാടക പുതുക്കി നിശ്ചയിക്കണമെന്നു ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം (6) പ്രകാരം സർക്കാരിൽ ശിപാർശ ചെയ്തിട്ടുള്ളതുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാടകയ്ക്ക് പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ വാടക നിശ്ചയിക്കുന്നത് പരാമർശം (3) പ്രകാരമുള്ള നിലവിലുള്ള മാർഗ്ഗനിർദേശങ്ങൾ അനുസരിച്ചാണ്. ഇടുക്കി, വയനാട് ജില്ലകളിൽ പൊതുമരാമത്ത് വകുപ്പിന്റെ വാടക നിരക്കിൽ നിന്ന് 25% വരെ അധികമായി നിശ്ചയിക്കാൻ അനുമതി നൽകിയിരുന്ന പരാമർശം (1) ലെ ഉത്തരവ് നിലവിൽ പ്രാബല്യത്തിൽ ഇല്ലെന്ന് ബന്ധപ്പെട്ട വകുപ്പ് അറിയിച്ചിരിക്കുന്നതിനാൽ, പ്രസ്തുത അധിക നിരക്ക് അനുവദനീയമല്ലെന്ന് സർക്കാർ വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നൽകിയ വാടക സർട്ടിഫിക്കറ്റ് പ്രകാരം നിശ്ചയിച്ചിരിക്കുന്ന ₹19,199/-( പത്തൊമ്പതിനായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റൊമ്പത് രൂപ മാത്രം) ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസിന്റെ മാസ വാടകയായി 01.06.2019 മുതൽ 31.05.2022 വരെ (3 വർഷത്തേക്ക്) പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

1) ശ്രീമതി റ്റി.സി. ജോളി, തരണിയിൽ, അരിക്കുഴ, തൊടുപുഴ, ഇടുക്കി
2) ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം
3) ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), ഇടുക്കി
4) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിട വിഭാഗം), ഇടുക്കി
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
6) പൊതുമരാമത്ത് (ഇ) വകുപ്പ് (31/05/2025- ലെ PWD-E2/12/2024-PWD നമ്പർ കുറിപ്പ് പ്രകാരം)
7) റവന്യൂ (എഫ്) വകുപ്പ് ( 28/03/2026-ലെ REV-F2/211/2025-REV നമ്പർ കുറിപ്പ്

പ്രകാരം)

8) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9) കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (AYU-C2/159/2022-AYUSH)

ഉത്തരവിൻ പ്രകാരം
Signed by
Pradeep R S
Date: 16-04-2026 13:09:01

സെക്ഷൻ ഓഫീസർ